1	2
കൊല്ലം	8.21
ആലപ്പുഴ	0
പത്തനംതിട്ട	5.90
കോട്ടയം	14.53
ഇടുക്കി	4.99
തൃശ്ശൂർ	3.17
എറണാകുളം	8.50
പാലക്കാട്	8.67
മലപ്പുറം	11.86
കോഴിക്കോട്	3.47
കണ്ണൂർ	10.8
വയനാട്	0
കാസർഗോഡ്	5.57
ആകെ	89.99

ആകെ സബ്സിഡിയിനത്തിൽ നൽകിയ തുകയും ജില്ലതിരിച്ചുള്ള തുകയും തമ്മിലുള്ള അന്തരം വിവിധ ബാങ്കുകളിൽ നിന്നും വിശദാംശങ്ങൾ ലഭ്യമാകുന്നതിലുള്ള കാലതാമസം മൂലമാണ്.

ചെറുകിട കർഷകർക്കും നാമമാത്ര കർഷകർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ

83 (T+ 1823) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്; വിശദമാക്കാമോ;

(ബി) റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

T+ മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിപണി ഇടപെടൽ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടായ സാമ്പത്തിക ബാദ്ധ്യതയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിലത്തകർച്ചയിൽ നിന്ന് റബ്ബർ മേഖലയെ രക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കുള്ള സഹായമായി കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽ നിന്നും 500 കോടി രൂപ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായാണ് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) വിപണി ഇടപെടൽ പദ്ധതിക്കായി സംസ്ഥാന സർക്കാർ വിഹിതമായി 2013-14-ൽ 4 കോടി രൂപയും 2014-15-ൽ 12 കോടി രൂപയും കൃഷി വകുപ്പ് നല്കിയിട്ടുണ്ട്.

സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

84 (1824) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly